(ജി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്ര സോഫ്ട്വെയർ സി.ഡി.കൾ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകൾക്ക് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും ഐ. ടി. പഠനത്തിനാവശ്യമായ കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുക.

2. കമ്പ്യൂട്ടർ ഉപയോഗിച്ച ക്ലാസ് മുറികളിൽ ഐ. ടി. പഠനക്രമം നിലവിൽ വരുത്താൻ അദ്ധ്യാപകരെ ശാക്തീകരിക്കുക.

3. ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പാഠ്യപദ്ധതിയനുസരിച്ചുള്ള ഐ. ടി. പ്രാപ്തിയും ശേഷിയും നൽകുന്നതിനുള്ള സൗകര്യമൊരുക്കുക.

4. അദ്ധ്യാപകരെ ഐ. ടി. അധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുക.

(ബി) 3 അദ്ധ്യയനവർഷം കഴിഞ്ഞു.

(സി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) പ്രധാനമായും പ്രൊപ്രൈറ്ററി സോഫ്റ്റ്വെയറും (വിൻഡോസ്/എം. എസ്. ഓഫീസ്) ഫ്രീ സോഫ്റ്റ് വെയറും (ജി.എൻ.യു. ലിനക്സ്/ഓപ്പൺ ഓഫീസ്) ഉപയോഗിക്കുന്നു.

(ഇ) നടത്തിയിരുന്നു.

(എഫ്) ഫ്രീ സോഫ്ട്വെയർ ഉപയോഗിച്ചുള്ള പരിശീലനവും പഠനവും ഘട്ടം ഘട്ടമായി എല്ലാ ഹൈസ്കൂളുകളിലും നടപ്പിലാക്കുമെന്നാണ് പ്രധാന തീരുമാനം.

(ജി) ഫ്രീ സോഫ്ട്വെയർ സി. ഡി.കൾ സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർവ്വശിക്ഷാ അഭിയാൻ

49 [2352] ശ്രീ. ടി. എം. ജേക്കബ്:
,, ജോണി നെല്ലൂർ:
,, ഷിബു ബേബി ജോൺ:
,, ആർ. ബാലകൃഷ്ണപിള്ള:
,, കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സർവ്വശിക്ഷാ അഭിയാൻ ആരംഭിച്ചിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ഓരോ വർഷവും കേന്ദ്ര സർക്കാർ കേരളത്തിൽ അനുവദിച്ചിട്ടുള്ള തുക എത്രയെന്നും ഇതിൽ നമുക്ക് ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുവദിച്ച മുഴുവൻ തുകയും നമുക്ക നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ഓരോ വർഷവും എസ്. എസ്. എ. പ്രകാരം കേരളത്തിൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചിട്ടുള്ള കണക്ക് വ്യക്തമാക്കാമോ;

(എഫ്) ഇപ്പോഴും എസ്. എസ്. എ.-യിലുള്ള ട്രെയിനർമാരുടെ എണ്ണം എത്ര; കൂടുതൽ ട്രെയിനർമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 2002-03-ൽ ആരംഭിച്ചു.

(ബി) വിശദവിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. †

(സി) ഇല്ല.

(ഡി) സംസ്ഥാനവിഹിതമായ 25% തുകയിൽ വളരെ കുറച്ച് മാത്രമേ അനുവദിക്കാനായുള്ളൂ. അതുകൊണ്ടാണ് അനുവദിച്ച കേന്ദ്ര വിഹിതം പൂർണ്ണമായും നേടിയെടുക്കാൻ കഴിയാതിരുന്നത്.

(ഇ) വിശദവിവരം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. †

(എഫ്) 831. കൂടുതൽപേരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി

30 [2354] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതിയുടെ പരിധിയിൽ വരാത്ത സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്വം ആരിൽ നിക്ഷിപ്തമാണ്;

(ബി) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഈ വർഷം മുതൽ ഓലഷെഡ്ഡുകൾ ഒഴിവാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ എസ്. എസ്. എ. പദ്ധതിയുടെ പരിധിയിൽ വരാത്ത സ്കൂളുകൾക്ക് അധിക ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് വിദ്യാഭ്യാസ വകുപ്പ് മുഖേന നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ.

(ബി) ഉണ്ട്. ഭരണ നവീകരണ പരിപാടിയുടെ കീഴിൽ ''സേവന പ്രദാന പദ്ധതി'' രൂപീകരിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly